**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **31-01-2024 - ൽ മറുപടിയ്ക്ക്**

**സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നിതി ആയോഗ് നടത്തിയ സെമിനാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. നന്ദകുമാർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിതി ആയോഗിന്റെ നേതൃത്വത്തിൽ സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സംസ്ഥാനത്ത് സെമിനാർ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ വിശദമാക്കാമോ; | (എ) | സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്ന തിനുമായി നീതി ആയോഗിന്റെ നേതൃത്വത്തിൽ, 2024 ജനുവരി 5-ാം തീയതി കൊച്ചിയിലെ സി.എം.എഫ്.ആർ.ഐ യിൽ വച്ച് 'Harnessing the potential of fisheries in marine states' എന്ന ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. സമുദ്ര മത്സ്യമേഖലയിലെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനും വിവിധ സംസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികൾ സംയുക്തമായി ചർച്ച ചെയ്യാനും, മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായാണ് നീതി ആയോഗിന്റെ നേതൃത്വത്തിൽ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിലെയും തീരദേശ സംസ്ഥാനങ്ങളിലെയും ഉന്നതതല ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ട് സെമിനാർ സംഘടിപ്പിച്ചത്. നീതി ആയോഗ്, കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി. എം. എഫ്. ആർ. ഐ), സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവർ സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. സമുദ്ര മേഖലയിൽ സുസ്ഥിരമായ മാർഗ്ഗങ്ങളിലൂടെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനും സംസ്ഥാനങ്ങൾ തമ്മിലുള്ള കൂട്ടായ ശ്രമങ്ങളും പരസ്പര സഹകരണവുമാണ് ടി സെമിനാറിൽ ലക്ഷ്യമിട്ടത്.<br><br>സി. എം. എഫ്. ആർ. ഐ. യിൽ നടന്ന സെമിനാറിൽ നീതി ആയോഗ് വൈസ് ചെയർമാൻ ശ്രീ.സുമൻ ബെറി, നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ്, ഇന്ത്യൻ കാർഷിക ഗവേഷണ |

| | | | |
|---|---|---|---|
| | | | കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന, നീതി ആയോഗ് ജോയിന്റ് സെക്രട്ടറി ശ്രീ. കെ എസ് റെജിമോൻ, നീതി ആയോഗ് സീനിയർ അഡ്വൈസർ ഡോ നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ അദീല അബ്ദുള്ള, നീതി ആയോഗ് സീനിയർ കൺസൾട്ടന്റ്  ഡോ ബബിത സിങ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ തുടങ്ങി കേന്ദ്ര സംസ്ഥാന സർക്കാറുകളിലെ നയരൂപീകരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, ഗവേഷകർ, മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരടങ്ങുന്ന ഉന്നതതല സംഘം പങ്കെടുത്തു.  കേരളത്തിന് പുറമെ, പശ്ചിമ ബംഗാൾ, ഒറീസ്സ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തമിഴ് നാട് എന്നീ തീരദേശ സംസ്ഥാനങ്ങളിൽ നിന്നും, ആൻഡമാൻ-നിക്കോബാറിൽ നിന്നുമുള്ള പ്രതിനിധികളും ദേശീയ സെമിനാറിൽ പങ്കെടുത്തു.<br><br>ഓരോ സംസ്ഥാനങ്ങളും സമുദ്ര മത്സ്യ മേഖലയിലെ നിലവിലെ സ്ഥിതിഗതികൾ പങ്കുവെയ്ക്കുകയും നിലവിലെ വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും സെമിനാറിൽ ചർച്ച ചെയ്യപ്പെടുകയും സുസ്ഥിര വളർച്ചയ്ക്ക് ആവശ്യമായ ഭാവി നിർദേശങ്ങൾ സെമിനാറിൽ രൂപം നൽകുകയും ചെയ്തു. ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാര ബന്ധം, കയറ്റുമതി, മത്സ്യബന്ധനം, സീഫുഡ് വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയവയും പ്രസ്തുത സെമിനാറിൽ ചർച്ച ചെയ്തു. |
| (ബി) | സെമിനാറിന്റെ വിലയിരുത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; | (ബി) | സമുദ്രമത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജന പ്പെടുത്തണമെന്നും വികസനത്തിന് ആക്കംകൂട്ടുന്നതിൽ സാങ്കേതികവിദ്യകൾക്ക്  വലിയ പങ്കുണ്ടെന്നും മത്സ്യത്തിനുള്ള ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണെന്നും സെമിനാറിൽ നീതി ആയോഗ് വൈസ് ചെയർമാൻ ശ്രീ. സുമൻ ബെറി അഭിപ്രായപ്പെട്ടു. മത്സ്യമേഖലയിലെ വളർച്ചയുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമാണുള്ളതെന്ന് നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ത് ചൂണ്ടിക്കാട്ടി. വളർച്ചാനിരക്കിൽ |

| | | | |
|---|---|---|---|
| | | | ഒട്ടുമിക്ക തീരദേശ സംസ്ഥാനങ്ങളേക്കാളും ആന്ധ്രപ്രദേശ് വളരെ മുന്നിലാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളുടെ മൊത്തം മത്സ്യോൽപാദനത്തേക്കാൾ 50 ശതമാനം മുകളിലാണ് ആന്ധ്രപ്രദേശിലെ മത്സ്യോൽപാദനം. ഈ അസന്തുലിതാ വസ്ഥ പരിഹരിക്കുന്നതിന് ശ്രമങ്ങളു ണ്ടാകണം. മത്സ്യ ആവശ്യകത 2012 മുതൽ 2022 വരെയുള്ള ദശകത്തിൽ മുൻ ദശകത്തേക്കാൾ ഒരു മടങ്ങ് വർധിച്ചിട്ടുണ്ട്. മൂല്യവർധിത ഉൽപാദനത്തിലും സംസ്കരണത്തിലും കൂടുതൽ ശ്രദ്ധിക്കുന്നതിലൂടെ കയറ്റുമതിയിൽ മെച്ചമുണ്ടാക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മികച്ച സാധ്യതകളുള്ള ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജന പ്പെടുത്തുന്നതിന് ശ്രമങ്ങൾ വേണം. മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന തിനും ആഴക്കടൽ മത്സ്യബന്ധന രംഗത്ത് തൊഴിൽനൈപുണ്യം വികസിപ്പിക്കുന്നതിനും പദ്ധതികൾ വേണമെന്നും സെമിനാറിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. |
| (സി) | ഏതെല്ലാം സംസ്ഥാനങ്ങളുടെ പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തിട്ടുണ്ടെന്നും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി എന്തെല്ലാം നിർദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | കേരളം, പശ്ചിമ ബംഗാൾ, ഒറീസ്സ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തമിഴ് നാട് എന്നീ തീരദേശ സംസ്ഥാനങ്ങളിൽ നിന്നും, ആൻഡമാൻ-നിക്കോബാറിൽ നിന്നും ഉള്ള പ്രതിനിധികൾ സെമിനാറിൽ പങ്കെടു ത്തിട്ടുണ്ട്. മത്സ്യത്തിനുള്ള ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് മത്സ്യ സമ്പത്തിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള നിർമ്മിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജന പ്പെടുത്തണമെന്ന് സെമിനാറിൽ നിർദ്ദേശമുണ്ടായി.<br><br>സെമിനാറിൽ ഉരുത്തിരിഞ്ഞ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സുസ്ഥിര മാർഗ്ഗങ്ങൾ അവലംബിച്ച് കടൽ മത്സ്യകൃഷി (മാരികൾച്ചർ) കാര്യക്ഷമമാക്കുന്നതിനും വർദ്ധിപ്പി ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.<br>2. കടലിൽ നിന്നും ലഭ്യമാകുന്ന മത്സ്യത്തിന്റെ അളവ് നിശ്ചയിക്കുന്നതിനും മത്സ്യബന്ധന യാനങ്ങളുടെ സ്ഥാനം നിശ്ചയിക്കുന്നതിനുമായി നിർമ്മിത ബുദ്ധി (Artificial Intelligence) |

| | | | | |
|---|---|---|---|---|
| | | | | പ്രയോജനപ്പെടുത്തി യാന്ത്രിക സംവിധാനങ്ങൾ നടപ്പിലാക്കുക<br>3. മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം മത്സ്യ വിഭവങ്ങളെ കൂടുതലായി കണ്ടെത്താമെന്നതിന് ആവശ്യമായ ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുക.<br>4. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ നിർദ്ദിഷ്ട നയ-മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച്, സാത്തിക ക്ഷമതക്ക് വ്യക്തമായ ഊന്നൽ നൽകി ആഴക്കടൽ മത്സ്യബന്ധനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ഒരു സ്ഥിര സംവിധാനം സ്ഥാപിക്കാനും ശുപാർശ ചെയ്യപ്പെട്ടു.<br>5. മെസോപെലാജിക് (സമുദ്രത്തിൽ 200 മുതൽ 1000 മീറ്റർ വരെ ആഴമുള്ള സോണിലെ) മത്സ്യവിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ കണക്കാക്കുകയും സാധ്യതകൾ പര്യവേഷണം ചെയ്യുകയും ചെയ്യുക.<br>6. അപകട ഇൻഷുറൻസ്, മത്സ്യ ബന്ധന യാന ഇൻഷുറൻസ് എന്നിവ ശക്തിപ്പെടുത്തുകയും തീരദേശത്തെ സ്ഥാവര ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യുക.<br>7. ലക്ഷദ്വീപിലെ ലൈവ് ബെയ്റ്റ് (ജീവനുള്ള ഇര) ഫിഷറിയുടെ പരിപാലനത്തോടൊപ്പം ദ്വീപിന്റെ ആവാസവ്യവസ്ഥയും മത്സ്യബന്ധന മേഖലയുടെ ആസൂത്രിത വികസനത്തിനും മൂല്യ ശൃംഖല വികസനത്തിനും (Value chain development) കൂടുതൽ ശ്രദ്ധ നൽകുക.<br>8. തീരക്കടലിൽ നടന്നുകൊണ്ടിരിക്കുന്ന കൃത്രിമ പാര് സ്ഥാപിക്കൽ തീവ്രമാക്കുകയും സ്ഥാപിക്കുന്നവയുടെ ഫലപ്രാപ്തി തുടർച്ചയായി വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണം. |

സെക്ഷൻ ഓഫീസർ